# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 289 — 10/06/2013-ൽ മറുപടിക്ക്

## അട്ടപ്പാടിക്കായി പ്രത്യേക പാക്കേജ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | അട്ടപ്പാടിയിൽ പോഷകാഹാരക്കുറവു മൂലവും വിവിധ ദുരിത സാഹചര്യങ്ങളാലും ശിശുമരണങ്ങൾ ആവർത്തിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടത് എപ്പോഴാണ്; എങ്ങനെയാണ് വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത്; | എ | 2013 ഏപ്രിൽ ആദ്യവാരം അട്ടപ്പാടി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയം ശ്രദ്ധയിൽപ്പെട്ടത്. |
| ബി | ശ്രദ്ധയിൽപ്പെട്ടതിനുശേഷം, എന്തുകൊണ്ടാണ് ഈ ദുരന്തം ഉണ്ടായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ നിഗമനങ്ങൾ എന്തൊക്കെയാണ്; | ബി | ഉണ്ട്. ആരോഗ്യ വകുപ്പിന്റെ അന്വേഷണത്തിൽ പോഷകാഹാരക്കുറവ് മൂലം കുഞ്ഞുങ്ങൾ മാസം തികയാതെ ജനിക്കുന്നതും, ജനന സമയത്തെ ഭാരക്കുറവ്മൂലവുമാണ് മരണം സംഭവിച്ചതെന്ന് വിലയിരുത്തുകയുണ്ടായി. |
| സി | ഈ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അട്ടപ്പാടിക്കായി പ്രത്യേക പാക്കേജ് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രഖ്യാപിച്ചത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി & ഡി | ഉണ്ട്. 22.05.2013 ന് പ്രഖ്യാപിച്ച പാക്കേജിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കോട്ടത്തറ ആശുപത്രിയിൽ അനുവദനീയമായ ഗൈനക്കോളജിസ്റ്റ് അടക്കമുള്ള ഡോക്ടർമാരുടെയും നേഴ്സുമാരുടെയും മറ്റ് പാര-മെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു. അധികമായി ആവശ്യമായ തസ്തിക സൃഷ്ടിച്ചു.<br>2. പച്ചക്കറികൃഷി വ്യാപകമാക്കുന്നതിനും പരമ്പരാഗത കൃഷികൾ തിരികെ കൊണ്ടുവരുന്നതിനും നടപടി ആരംഭിച്ചു.<br>3. 10,182 റേഷൻ കാർഡുകളിൽ ഉദ്യോഗസ്ഥരും സ്ഥിരവരുമാനമുള്ള വരുടേതുമായ 336 കാർഡുകളൊഴികെ ബാക്കിയെല്ലാ കാർഡുകളും ബി.പി.എൽ ആക്കിയിട്ടുണ്ട്.<br>4. സാമൂഹ്യ നീതി വകുപ്പിലെ ഒഴിവുണ്ടായിരുന്ന അട്ടപ്പാടി ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസറുടെയും 5 സൂപ്പർവൈസർമാരുടെയും ഒഴിവുകൾ നികത്തിയിട്ടുണ്ട്. അംഗൻവാടികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും അംഗൻവാടി വെൽഫെയർ കമ്മിറ്റികൾ മാസാമാസം കൂടി പ്രവർത്തനം കുറ്റമറ്റതാക്കാനും, വിലയിരുത്താനും നടപടിയെടുത്തു. |
| ഡി | പ്രഖ്യാപിച്ച പാക്കേജിലെ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | 5. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാനും നടപടി സ്വീകരിച്ചു.<br>6. എല്ലാ കുടുംബങ്ങൾക്കും 10 കിലോ അരി, 2 കിലോ പയർ വീതം നൽകിയിട്ടുണ്ട്. അടുത്ത നാലു മാസത്തേക്ക് പ്രതിമാസം 10 കിലോ വീതം റാഗി 2 കിലോ വീതം ചെറുപയർ/കടല/തുവര തുടങ്ങിയവ നൽകുന്നതിന് നടപടി സ്വീകരിച്ചു.<br>7. 3 മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാനും മൂന്നു പഞ്ചായത്തുകളിൽ ഓരോ ജീപ്പ് വീതം വാങ്ങാൻ കേന്ദ്ര സഹായത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും തീരുമാനിച്ചു.<br>8. അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരപ്രായക്കാർക്കും 1-6 വയസ്സു വരെയുള്ള കുഞ്ഞുങ്ങൾക്കും പാകം ചെയ്ത ഭക്ഷണം നൽകുന്നതിനും നടപടികൾ സ്വീകരിച്ചു. അയൺ ഫോളിക് ഗുളികകൾ നൽകാനും നടപടികൾ ആരംഭിച്ചു.<br>9. ആരോഗ്യ വകുപ്പിനു കീഴിൽ അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>10. കൃഷിയോഗ്യമായ സ്ഥലങ്ങളിൽ റാഗിയും പച്ചക്കറിയും കൃഷി ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കൃഷി വകുപ്പിനെ ചുമതലപ്പെടുത്തി.<br>11. സ്കൂളിൽ പോകുന്നതിന് വിമുഖത കാണിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്കും, സ്കൂൾ ഉച്ചഭക്ഷണ പരിപാടി പ്രകാരം ഉച്ചഭക്ഷണം നൽകാനും തീരുമാനിച്ചു. കൂടാതെ, അട്ടപ്പാടിയുടെ സമഗ്ര വികസനത്തിനായി 112 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**